**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1444** **12-02-2025 - ൽ മറുപടിയ്ക്ക്**

**കെട്ടിട തൊഴിലാളി ക്ഷേമനിധിയിലേക്ക് ഈടാക്കിയ തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. ആർ. മഹേഷ്** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കെട്ടിട തൊഴിലാളി ക്ഷേമനിധിയിലേക്ക് കഴിഞ്ഞ 10 വർഷമായി അടങ്കൽ ആയി കെട്ടിടങ്ങൾ നിർമ്മിച്ചവരിൽ നിന്നും എത്ര രൂപ ഈടാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ കഴിഞ്ഞ 10 വർഷമായി സെസ്സ് ഇനത്തിൽ ആകെ 2532,28,74,066.81/- (രണ്ടായിരത്തി അഞ്ഞൂറ്റി മുപ്പത്തി രണ്ടു കോടി ഇരുപത്തിയെട്ട ലക്ഷത്തി എഴുപത്തി നാലായിരത്തി അറുപത്തിയാറു രൂപ എൻപത്തിയൊന്നു പൈസ) ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കാലയളവിൽ എത്ര രൂപ നാളിതുവരെ തൊഴിലാളികൾക്കായി നൽകിയിട്ടുണ്ടെന്നും എത്ര രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ടെന്നും അവ ചെലവഴിച്ച രീതിയും വ്യക്തമാക്കാമോ? | (ബി) | കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ കഴിഞ്ഞ പത്ത് വർഷമായി പെൻഷൻ, പെൻഷൻ റീഫണ്ട് ആനുകൂല്യയിനത്തിലായി തൊഴിലാളികൾക്ക് 8116,98,48,821/- രൂപ (എണ്ണായിരത്തി ഒരുന്നൂറ്റി പതിനാറു കോടി തൊണ്ണൂറ്റി എട്ടു ലക്ഷത്തി നാല്പത്തി എണ്ണായിരത്തി എണ്ണൂറ്റി ഇരുപത്തിയൊന്ന് രൂപ ) നൽകിയിട്ടുണ്ട്. ഭരണ ചെലവിനം ഉൾപ്പെടെ 8261,66,97,493/-<br><br>(എണ്ണായിരത്തി ഇരുന്നൂറ്റി അറുപത്തിയൊന്നു കോടി അറുപത്തിയാറു ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി നാനൂറ്റി തൊണ്ണൂറ്റി മൂന്നു രൂപ) ചെലവഴിച്ചിട്ടുണ്ട്. തൊഴിലാളികളുടെ പെൻഷൻ, പെൻഷൻ റീഫണ്ട്, ആനുകൂല്യയിനങ്ങളിലും ഭരണ ചെലവ് ഇനത്തിലുമാണ് തുക ചെലവായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ